# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1646 17-6-2013 ൽ മറുപടിക്ക്

**റവന്യൂ മന്ത്രിയുടെ വിദേശയാത്രാചെലവ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ഡോ. ടി. എം. തോമസ് ഐസക് | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം റവന്യൂമന്ത്രി ശ്രീ. അടൂർ പ്രകാശ് ഏതെല്ലാം രാജ്യങ്ങളിലായി എത്ര വിദേശയാത്രകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ചൈന, സൗത്ത് ആഫ്രിക്ക, ജർമ്മനി, ജപ്പാൻ, അമേരിക്ക എന്നീ അഞ്ച് രാജ്യങ്ങളിൽ ഓരോ പ്രാവശ്യവും ദുബായിൽ രണ്ടു പ്രാവശ്യവും പോയിട്ടുണ്ട്. |
| (ബി) | യാത്ര ഏതെല്ലാം മാസങ്ങളിൽ ഏതെല്ലാം ദിവസങ്ങളിലായിരുന്നെന്നും യാത്രകൾ ഔദ്യോഗികവും അനൗദ്യോഗികവുമായത് ഏതെല്ലാമെന്നും പ്രത്യേകം പ്രത്യേകമായി ലഭ്യമാക്കുമോ; മന്ത്രിയെ അനുഗമിച്ചവർ ആരെല്ലാമായിരുന്നു; | (ബി) | ചൈന – 04-11-2011 മുതൽ 08-11-2011 വരെ (ഔദ്യോഗികം)<br><br>സൗത്ത് ആഫ്രിക്ക – (ഔദ്യോഗികം) 01-12-2011 മുതൽ 06-12-2011 വരെ<br><br>ജർമ്മനി – (ഔദ്യോഗികം) 16-01-2012 മുതൽ 25-01-2012 വരെ<br><br>ജപ്പാൻ – 09-10-2012 മുതൽ 12-10-2012 വരെ (ഔദ്യോഗികം)<br><br>അമേരിക്ക - (ഔദ്യോഗികം) 01-05-2013 മുതൽ 10-5-2013 വരെ<br><br>ദുബായ് - (1) 09-11-2011 മുതൽ 15-11-2011 വരെ (അനൗദ്യോഗികം) (2) 10-02-2012 മുതൽ 11-2-2012 വരെ (ഔദ്യോഗികം) കയർ വികസന വകുപ്പിലെ സെക്രട്ടറി, ഡയറക്ടർ, എൻ. സി. ആർ. എം. ഐ. ഡയറക്ടർ എന്നിവർ വിവിധ യാത്രകളിൽ അനുഗമിച്ചിട്ടുണ്ട്. |
| (സി) | ഏതെല്ലാം യാത്രകൾക്ക് കേന്ദ്ര സർക്കാരിന്റെ പൊളിറ്റിക്കൽ ക്ലിയറൻസ് ലഭിച്ചിട്ടുണ്ടെന്നും ക്ലിയറൻസ് ലഭിക്കാത്തത് എത്രയെന്നും പൊളിറ്റിക്കൽ ക്ലിയറൻസ് ലഭിച്ച റൂട്ടുകളിലൂടെയാണോ യാത്ര നടത്തിയിട്ടുള്ളത് എന്നും അറിയിക്കാമോ; ഇതിന്റെ വിശദാംശങ്ങളും കോപ്പിയും ലഭ്യമാക്കുമോ; | (സി) | എല്ലാ യാത്രകൾക്കും ക്ലിയറൻസ് കിട്ടിയിട്ടുണ്ട്. ക്ലിയറൻസ് ലഭിച്ച റൂട്ടുകളിലൂടെയാണ് യാത്ര ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഔദ്യോഗിക യാത്രകൾ ഏതെല്ലാം രാജ്യത്തെ ഏതെല്ലാം അധികാരികളുടെ ക്ഷണപ്രകാരമായിരുന്നു; | (ഡി) | സന്ദർശനരാജ്യങ്ങളിലെ കയർ വകുപ്പുമായി ബന്ധപ്പെട്ട അധികാരികളുടെ ക്ഷണപ്രകാരമാണ് പോയത്. |
| (ഇ) | സ്വകാര്യയാത്രകൾ ആരുടെ ക്ഷണപ്രകാരമായിരുന്നു എന്നും ഇതിനായി സർക്കാർ ഖജനാവിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടോ എങ്കിൽ എത്രയെന്നറിയിക്കാമോ; | (ഇ) | 2012 ഫെബ്രുവരി 10 ന് ദുബായിൽ പോയത് സീതത്തോട് അസോസിയേഷൻ യു.എ.ഇ.യുടെ ക്ഷണ പ്രകാരമായിരുന്നു. സർക്കാർ ഖജനാവിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല. |
| (എഫ്) | ഇതുവരെ നടത്തിയ വിദേശയാത്രകളുടെ ചെലവുകൾ എത്രയാണെന്നും അത് ഏതെല്ലാം വകുപ്പിൽ നിന്നുമാണ് ചെലവഴിച്ചതെന്നും യാത്രാചെലവിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ ? | (എഫ്) | യാത്രകൾക്കായി ചെലവായ തുക<br><br>ചൈന – 1,04,467/- രൂപ<br>സൗത്ത് ആഫ്രിക്ക – 2,10,618/- രൂപ<br>ജർമ്മനി – 1,80,750/- രൂപ<br>ജപ്പാൻ – 2,22,100/- രൂപ<br>അമേരിക്ക – (വിശദാംശങ്ങൾ ലഭ്യമായിട്ടില്ല)<br><br>ദുബായ് - 54,962/- രൂപ<br><br>കയർ വികസന വകുപ്പിൽ നിന്നുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**